മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): വല്ലാർപാടം ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ടെർമിനലും എൽ.എൻ.ജി. ടെർമിനലും പ്രത്യേക സാമ്പത്തിക സോണുകളും അതു പോലെതന്നെ ഇന്ന് കൊച്ചിയിൽ വരുമെന്ന് നമ്മൾ പ്രതീക്ഷിക്കുന്ന മറ്റ് പല പ്രോജക്ടുകളും വരുന്നതോടുകൂടി കൊച്ചി പ്രദേശത്തുണ്ടാകുന്ന ഗതാഗത കുടിവെള്ള പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന പ്രശ്നങ്ങൾ വളരെ വേഗത്തിൽ കൈകാര്യം ചെയ്യണമെന്നത് സംബന്ധിച്ച് ഗവൺമെന്റിന് നല്ല ബോദ്ധ്യമുണ്ട്. കൊച്ചി നഗരത്തിന്റെ ശുദ്ധജല വിതരണം, ഖരമാലിന്യ നിർമ്മാർജ്ജനം, ഗതാഗത സൗകര്യം വർദ്ധിപ്പിക്കൽ, ദാരിദ്ര്യ നിർമ്മാർജ്ജനം തുടങ്ങിയ അടിസ്ഥാന വികസന സൗകര്യങ്ങൾക്കായി എ.ഡി.ബി. സഹായത്തോടെ 305.4 കോടി രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്. അതുപോലെ ക്യാപ്പിറ്റൽ സിറ്റി ഡെവലപ്മെന്റ് ഏജൻസിയുടെ മാതൃകയിൽ കൊച്ചി നഗരത്തിന്റെ വികസനത്തിനായി ഒരു ഏജൻസി ഉടനെതന്നെ രൂപീകരിക്കുന്നതിന് ഗവൺമെന്റ് നടപടി എടുക്കും. അവിടെ കുടിവെള്ളമാണ് ഏറ്റവും വലിയ പ്രശ്നം. 2001-ലെ ശുദ്ധജലത്തിന്റെ ആവശ്യകത കണക്കിലെടുത്ത് ഒരു പ്രോജക്ടിന് രൂപം കൊടുക്കും. 510 എം.എൽ.ഡി. ജലമായിരിക്കും വേണ്ടി വരുന്നത്. ഇപ്പോൾ 190 എം.എൽ.ഡി. ജലമാണുള്ളത്. നിലവിലുള്ള ഹഡ്കോ പദ്ധതി പൂർത്തിയാകുമ്പോൾ 35 എം.എൽ.ഡി. ശുദ്ധജലം കൂടി കിട്ടും. അവശേഷിക്കുന്ന 285 എം.എൽ.ഡി. ശുദ്ധജലത്തിന് വേണ്ടിയുള്ള ഒരു ബൃഹത് പദ്ധതിക്കാണ് രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. 676 കോടി രൂപയാണ് ഇതിന് മതിപ്പ് ചെലവ് വരുന്നത്. ഈ കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റിന് ഒരു കാഴ്ചപ്പാടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എത്രയുംവേഗം അത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി കൊച്ചിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(5) ഓരിക്കടവ് പാലത്തിന്റെ പ്രവൃത്തിയുടെ പുനരാരംഭം

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: എന്റെ മണ്ഡലത്തിൽ മൂന്ന് ഭാഗം പുഴയും ഒരു ഭാഗം കടൽ അതിർത്തിയുമായിട്ടുള്ള വലിയപറമ്പ പഞ്ചായത്തിലേക്കുള്ള അനുമതി ലഭിച്ച ഓരിക്കടവ് പാലത്തിന്റെ പണി കഴിഞ്ഞ ഏഴ് വർഷമായി നടത്തിയിട്ടും ഇതുവരെ പൂർത്തിയായിട്ടില്ല. രണ്ട് തൂണുകളിൽ മാത്രമായി ഇതിന്റെ പണി നിലച്ചിപ്പോൾ ഒതുങ്ങി നിൽക്കുകയാണ്. 24 കിലോമീറ്റർ ദൈർഘ്യമുള്ള ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് മറുകരയുമായി ബന്ധപ്പെടാൻ മറ്റ് മാർഗ്ഗങ്ങളില്ല. സുനാമി ഭീഷണിയുണ്ടായ ദിവസങ്ങളിൽ ഒറ്റപ്പെട്ട് കിടക്കുന്ന ഈ ദ്വീപിലെ ജനങ്ങൾ കടുത്ത പരിഭ്രാന്തിയിലായിരുന്നു. സാങ്കേതിക കാരണങ്ങളിൽപ്പെട്ട് ഈ പാലത്തിന്റെ നിർമ്മാണം മുടങ്ങിക്കിടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടെ നേരിട്ട് വന്ന് കണ്ട് ബോദ്ധ്യപ്പെട്ടതാണ്. വളരെ പെട്ടെന്നുതന്നെ ഇടപെട്ട് ഈ പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): കാസർകോട് ജില്ലയിലെ ഓരിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ടെൻഡർ എഗ്രിമെന്റ് പ്രകാരം 11-6-2002-ൽ പൂർത്തിയാക്കേണ്ടതായിരുന്നു. പണി പൂർത്തിയാകാത്തത് കാരണം 31-5-2004 വരെ സമയം ദീർഘിപ്പിച്ചു കൊടുത്തുവെങ്കിലും കരാറുകാർക്ക് പണി പൂർത്തിയാക്കാൻ സാധിച്ചില്ല. അതിനാൽ കരാർ റദ്ദാക്കുകയും പാലത്തിന്റെ പണി ലിമിറ്റഡ് ടെൻഡർ പ്രകാരം നടത്താൻ തീരുമാനിക്കുകയുമുണ്ടായി. നാല് അപേക്ഷകരിലെ ഒരു കരാറുകാരൻ ഹൈക്കോടതിയെ സമീപിച്ച് ഹർജി ഫയൽ ചെയ്തതു കാരണം വീണ്ടും പ്രവൃത്തിയുമായി മുന്നോട്ടുപോകാനായില്ല. മേൽ പ്രസ്താവിച്ച സാഹചര്യത്തിൽ ഓരിക്കടവ് പാലത്തിന്റെ പണിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വീണ്ടും മുടങ്ങി. എന്നാൽ പൊതുജനങ്ങളിൽ നിന്നുയർന്ന സമ്മർദ്ദം കാരണവും ബഹുമാനപ്പെട്ട ജനപ്രതിനിധി ശ്രീ. സതീശ് ചന്ദ്രൻ അടക്കമുള്ളവരുടെ നിവേദനങ്ങളുടെയും മറ്റും അടിസ്ഥാനത്തിലും വീണ്ടു ഓപ്പൺ ടെൻഡർ സിസ്റ്റം അവലംബിച്ച് പാലത്തിന്റെ പണി പുനരാരംഭിക്കാൻ തീരുമാനിച്ചതുപ്രകാരം ടെൻഡർ ചെയ്യാൻ 29-1-2005-ൽ അനുമതി നൽകിയിട്ടുണ്ട്. ഫെബ്രുവരി രണ്ടാം വാരത്തിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(6) മലയോര ഹൈവേയിൽ നിന്നും തിരുവമ്പാടി ഉൾപ്പെടെയുള്ള കോഴിക്കോട് ജില്ലയെ ഒഴിവാക്കിയത് സംബന്ധിച്ച്

ശ്രീ. സി. മോയിൻകുട്ടി: ഗവൺമെന്റിന്റെ പ്രഖ്യാപിത നയങ്ങളിൽ ഒന്നാണ് മലയോര ഹൈവേ. പക്ഷേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുള്ള മലയോര ഹൈവേയുടെ ലിസ്റ്റിൽ കോഴിക്കോട് ജില്ല ഉൾപ്പെട്ട മലയോര കുടിയേറ്റ മേഖലയായ തിരുവമ്പാടി ഉൾപ്പെടുത്തിയിട്ടില്ല. തീർച്ചയായിട്ടും ഇത് ആശങ്ക ഉളവാക്കിയിരിക്കുകയാണ്. വികസന മന്ദ്യവും അതുപോലെ യാത്രാദുരിതവും അനുഭവിക്കുന്ന ഇത്തരമൊരു മേഖലയ്ക്ക് അടിയന്തിരമായ പരിഗണന നൽകേണ്ടതാണ്. പക്ഷേ, എന്താണെന്നറിയില്ല ആ ലിസ്റ്റിൽ ഇത് വന്നിട്ടില്ല. പി.ആർ.ഡി. പ്രസിദ്ധീകരിച്ച മാപ്പിൽ ഇത് വന്നിട്ടില്ല. അതുപോലെതന്നെ സർക്കാരിന്റെ വാർത്തകളിലും ഇത് വന്നിട്ടില്ല. ഇത് എങ്ങനെയാണ് സംഭവിച്ചതെന്ന് അറിയില്ല. ഒന്നാം ഘട്ടത്തിൽത്തന്നെ ഇത് പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കോഴിക്കോട് ജില്ലയെ, പ്രത്യേകിച്ച് മലയോര കുടിയേറ്റ മേഖലയായ തിരുവമ്പാടി മണ്ഡലം തീർച്ചയായിട്ടും ഇതിൽ ഉൾപ്പെടുത്തണം. ഇത് ഒന്നാം ഘട്ടത്തിൽത്തന്നെ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ഇത് എങ്ങനെ സംഭവിച്ചു എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിച്ചിരുന്നു. ഇത് തിരുത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും പറഞ്ഞിരുന്നു. ആധികാരികമായിട്ടുള്ള പ്രഖ്യാപനം ഈ രംഗത്ത് ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സർക്കാരിന്റെ പ്രഖ്യാപിത നയമായിട്ടുള്ള മലയോര ഹൈവേയിൽ തിരുവമ്പാടി മണ്ഡലം ഉൾപ്പെടെയുള്ള കോഴിക്കോട് ജില്ല ഉൾപ്പെടുത്തണം. തീർച്ചയായിട്ടും ഇത് കോഴിക്കോട് ജില്ലയുടെ വികാരമാണ്. ഇതിന് വ്യക്തമായിട്ടുള്ള, ആധികാരികമായിട്ടുള്ള പ്രഖ്യാപനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly